# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3492 | 23.06.2014-ൽ മറുപടിയ്ക്ക്

## ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ അടൂർ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.രാജു എബ്രഹാം | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജിമാലൂരിനെതിരേ പഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ അടൂർ പോലീസ് സ്റ്റേഷനിൽ മൊഴി നൽകി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഏതൊക്കെ വകുപ്പുകളാണ് എഫ്.ഐ.ആർ-ൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;എന്നാണ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുള്ളത്; പ്രതിക്കെതിരെ ഇതനുസരിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തു കൊണ്ടാണ് നടപടി സ്വീകരിക്കാൻ കഴിയാത്തത്; എഫ്.ഐ.ആർ -ൽ പ്രസ്തുത വകുപ്പുകൾ ഉൾപ്പെടുത്തി കേസ്സെടുത്താൽ പ്രതികൾക്കെതിരെ എന്തൊക്കെ നടപടിയാണ് സ്വീകരിക്കേണ്ടത്; | (എ) | ഉണ്ട്. ക്രൈം നമ്പർ 956/14 u/s 417, 376(2) (k) പ്രകാരം 17.05.2014- ാം തീയതി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതി ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. പ്രതിക്കെതിരെ ബലാൽസംഗ കുറ്റം ആരോപിക്കപ്പെട്ട് കേസ് രജിസ്റ്റർ ചെയ്താൽ ടിയാളെ അറസ്റ്റ് ചെയ്ത് വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കി സംഭവം സംബന്ധിച്ച് വിശദമായ തെളിവുകൾ ശേഖരിച്ച് അന്വേഷണത്തിൽ കുറ്റം ചെയ്തുവെന്ന് തെളിഞ്ഞാൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ ചേർത്ത് കുറ്റപത്രം തയ്യാറാക്കി ബഹു. കോടതിയിൽ സമർപ്പിച്ച് തുടർ നിയമ നടപടി സ്വീകരിക്കണം. |
| (ബി) | പ്രസ്തുത സംഭവത്തിൽ എഫ്.ഐ.ആർ തയ്യാറാക്കാതെ കൃത്യവിലോപം വരുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെ ; ഗുരുതരമായ കൃത്യവിലോപം കാണിച്ച പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഇതു സംബന്ധിച്ച് 17.05.2014- ാം തീയതി പരാതിക്കാരി മൊഴി നൽകുകയും അപ്പോൾ തന്നെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ കൃത്യവിലോപം ഉണ്ടായിട്ടില്ല. |
| (സി) | പ്രസ്തുത കേസിന്റെ തുടർ നടപടി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ? | (സി) | ടി കേസ് ഊർജ്ജിതമായി അന്വേഷണം നടത്തി വരികയാണ്. കേസന്വേഷണത്തെ ബാധിക്കുമെന്നതിനാൽ മറ്റ് വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ